# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുഖത്തല ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM P7/ 526 /2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 12/04/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുഖത്തല ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,
തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, കൊല്ലം
3.കാര്യാലയ പകർപ്പ്

നമ്പർ: KSA KLM P7/ 526 /2023 തീയ്യതി: 12/04/2023

## കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.മാത്യുറോയ്.കെ.പി | സീനിയർഡെപ്യൂട്ടി ഡയറക്ടർ | 06-03-2023 | 09-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 06-03-2023 | 09-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നവീൻ ചന്ദ്രൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.റ്റി.സിന്ധു,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി.ജൂഡിറ്റ് വർഗ്ഗീസ്.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ഹർഷ.എൽ, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബി. യശോദ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.സുരേഷ്കുമാർ | സെക്രട്ടറി | 01-04-2021 | 09-05-2021 |
| ശ്രീ. ജോർജ് അലോഷ്യസ് | സെക്രട്ടറി | 10-05-2021 | 31-03-2022 |
| ശ്രീമതി .അനു.ആർ.ബാബു | ഡയറിഎക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ജീനാ.ജി | അസി.എക്സി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ശശികല.സി.എൽ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 24-09-2021 | 31-03-2022 |
| ശ്രീമതി .ലളിതാംബിക.റ്റി | ചൈൽഡ് ഡവലപ്മെന്റ് പ്രോഗ്രാം ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി .പ്രീത.എൽ | അസി.ഡയറക്ടർ ഓഫ് അഗ്രികർച്ചർ | 01-04-2021 | 31-03-2022 |
| ശ്രീമതി .ഷീജാബീവി.എസ് | ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ | 01-04-2021 | 09-06-2021 |
| ശ്രീ. സച്ചിൻദാസ് | ഷെഡ്യൂൾഡ് കാസ്റ്റ് ഡെവലപ്മെന്റ് ഓഫീസർ | 10-06-2021 | 31-03-2022 |
| ശ്രീമതി ബ്ലസി മേരി.ബി | അസി.എഞ്ചിനിയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. റോഷ്നാ അലിക്കുഞ്ഞ് | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 23-09-2021 |
| ഡോ.നെബുജോൺ | മെഡിക്കൽ ഓഫീസർ ,സി.എച്ച്.സി.നെടുമ്പന | 01-04-2021 | 31-03-2022 |
| ഡോ. സീന. എൽ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. സലീലദേവി | മെഡിക്കൽ ഓഫീസർ , സി.എച്ച്.സി. മയ്യനാട് | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്യാഷ് പരിശോധന | 1-7 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 11 | വാടക - ഡെപ്പോസിറ്റ് തുക ഈടാക്കുന്നില്ല. | 1-10 |
| 12 | ലേലതുകയുടെ കൂടെ 18% ജി.എസ്.റ്റി ഈടാക്കിയില്ല. | 1-11 |
| 13 | പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-12 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അക്കൌണ്ട് മാറി തുക നൽകി. | 1-13 |
| 15 | ജീവനം പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക 11,05,915/- രൂപ തടസ്സപ്പെടുത്തുന്നു. | 1-14 |
| 16 | മുൻകൂർ തുക നൽകിയിട്ടും നാളിതുവരെയായി പദ്ധതി നിർവഹണം പൂർത്തിയായിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | പാലിന് സബ്സിഡി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 5,916/-രൂപ അധികം നൽകി. | 1-16 |
| 18 | തുടർ സാക്ഷരതാ പരിപാടി - അനർഹർക്ക് ആനുകൂല്യം നൽകി. | 1-17 |
| 19 | നാപ്കിൻ ഇൻസിനറേറ്റർ - മെഷീനുകൾ എല്ലാം തന്നെ നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ല. | 1-18 |
| 20 | ആസ്തി രജിസ്റ്റർ - സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല. | 1-19 |
| 21 | ഭൂജല വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി - ബാലൻസ് തുക ലഭിച്ചില്ല. | 1-20 |
| 22 | പാനൽ എൻജിനീയർമാർ മുഖേന നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല. | 1-21 |
| 23 | കെൽട്രോണിന് തുക നൽകിയെങ്കിലും കമ്പ്യൂട്ടർ ലഭിച്ചില്ല. | 1-22 |
| 24 | ത്രീഫേസ് വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചില്ല. | 1-23 |
| 25 | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും | 1-24 |

| | | |
|---|---|---|
| | 6,07,068/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. | |
| 26 | സ്റ്റോർ പർച്ചേസ് റൂൾ പാലിയ്ക്കാതെ മരുന്നുകളും ഉപകരണങ്ങളും വാങ്ങി. | 1-25 |
| | ഭാഗം **2** | |
| 1 | ലേലതുകയുടെ കൂടെ 18% ജി.എസ്.റ്റി ഈടാക്കിയില്ല. | 2-1 |
| | ഭാഗം **3** | |
| 1 | പാലിന് സബ്സിഡി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 5,916/-രൂപ അധികം നൽകി. | 3-1 |
| 2 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അക്കൌണ്ട് മാറി തുക നൽകി. | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

22.02.21 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 10.03.22 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2022 | 1.7.21 | - | - |

### 1-2-1 വാർഷികധനകാര്യപത്രികയിലെ അപാകതകൾ

1. ഡെവലപ്‌മെന്റ് ഫണ്ട് ജനറൽ എസിആർ പ്രകാരമുള്ള 'ചെലവ് തുകയും സുലേഖപ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.
2. ഡെവലപ്‌മെന്റ് ഫണ്ട് എസ്.സി.പി സുലേഖപ്രകാരമുള്ള ചെലവ് 2,04,48,096/-രൂപയാണ്. എന്നാൽ എ.എഫ്.എസ്, എ.സി.ആർ പ്രകാരമുള്ള ചെലവ് 2,09,98,096/- രൂപയാണ്. വ്യത്യാസം 5,50,000/-രൂപയാണ്. പ്രോജക്ട് നം-91, 92 പ്രകാരമുള്ള ചെലവ് തുക 5,50,000/-രൂപ സുലേഖയിൽ വന്നിട്ടില്ല
3. CFC Tied & Untied എ.സി.ആർ പ്രകാരമുള്ള ചെലവ് തുക 1,09,65,365/-രൂപയാണ്. എന്നാൽ സുലേഖ പ്രകാരമുള്ള ചെലവ് 1,06,82,515/- രൂപയാണ്. അസി. എക്സി. എഞ്ചിനീയർ നിർവഹണം നടത്തിയ പ്രോജക്ട് നം-131 പ്രകാരമുള്ള ചെലവ് തുക 2,82,850/- രൂപ സുലേഖയിൽ ഉൾപ്പെട്ടിട്ടില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ തൻവർഷം ഡെപ്പോസിറ്റ് ഇനത്തിൽ വന്ന വരവ് ചെലവ് തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.
5. ഭൂജലവകുപ്പിന് പ്രോജക്ട് നം-88 പ്രകാരം (നെടുമ്പന സി.എച്ച്.സിയിലെ കിണറുകളുടെ പുനരുദ്ധാരണവും കുടിവെള്ള സൌകര്യം മെച്ചപ്പെടുത്തലും) തൻവർഷം 5,92,816/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം വാർഷികകണക്കിൽ രേഖപ്പെടുത്തിയിട്ടില്ല
6. ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾഡിൽ ഉൾപ്പെട്ടിട്ടുള്ള സംയുക്തപ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം ആകെ തുക - 10,50,568/-രൂപയാണ്. എന്നാൽ എ.എഫ്.എസ് പ്രകാരം Treasury TSB Joint Venture അക്കൌണ്ടിൽ ബാലൻസ് നിൽക്കുന്ന തുക 1,00,000/-രൂപയാണ്.
7. തൻവർഷം വാടകയിനത്തിൽ ഡിമാന്റായി രേഖപ്പെടുത്തിയിരിക്കുന്ന തുക എ.എഫ്.എസിൽ 6,000/-രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ വാടകയിനത്തിൽ ഡിമാന്റായി രേഖപ്പെടുത്തേണ്ട തുക 9,000/-രൂപയാണ്.
8. ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ പി.എം.എ.വൈ-എസ്.സി, ജനറൽ വിഭാഗങ്ങളിൽ യഥാക്രമം ലഭ്യമായ 9,80,000/-രൂപ, 11,76,000/-രൂപ എന്നിവയും പി.എം.എ.വൈ-എസ്.സി പദ്ധതിക്കായി നെടുമ്പന ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ ലഭ്യമായ 4,000/- രൂപയും സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,33,32,243/- രൂപ |
| വരവ് | 9,13,10,431/- രൂപ |
| ആകെ | 10,46,42,674/- രൂപ |
| ചെലവ് | 8,99,92,441/- രൂപ |
| നീക്കിയിരിപ്പ് | 1,46,50,233/- രൂപ |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | 7,200/-രൂപ |
| ചെലവിനങ്ങളിലുള്ള നഷ്ടം | 30,916/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 31,35,935/- രൂപ |

1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് (രൂപ) | വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ്/ ലാപ്സായ തുക (രൂപ) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | - | 2,88,69,000/- | 2,88,69,000/- | 2,81,79,776/- | 6,89,224/- |
| വികസന ഫണ്ട്-എസ്.സി.പി. | - | 2,10,59,000/- | 2,10,59,000/- | 2,09,98,096/- | 60904/- |
| മെയിന്റനൻസ്, നോൺ-റോഡ് | - | 97,00,587/- | 97,00,587/- | 85,19,609/- | 11,80,978/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Untied(ബാങ്ക്) | - | 53,76,000/- | 53,76,000/- | 53,76,000/- | 0/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied(ബാങ്ക്) | - | 80,63,000/- | 80,63,000/- | 43,80,722/- | 36,82,278/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-Tied(ട്രഷറി) | - | 21,11,241/- | 21,11,241/- | 11,84,643/- | 9,26,598/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-UnTied(ട്രഷറി) | - | 25,628/- | 25,628/- | 24,000/- | 1,628/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | |
| TSC | 55,93,821/- | 1,68,735/- | 57,62,556/- | 1,89,134/- | 55,73,422/- |
| PYCKA | 27,165/- | 796/- | 27,961/- | 0 | 27,961/- |
| IAY(ജനറൽ) | 4,08,886/- | 59,031/- | 4,67,917/- | 4,60,000/- | 7,917/- |
| IAY(scp) | 2,34,596/- | 12,011/- | 2,46,607/- | 2,14,696/- | 31,911/- |
| വിർച്ചൽ ക്ലാസ് റൂം | 1,19,505/- | 0 | 1,19,505/- | 0 | 1,19,505/- |
| ലോക്കൽ ഏരിയ ഡി | 4,73,979/- | 8,34,366/- | 13,08,345/- | 8,20,659/- | 4,87,686/- |
| നിർമ്മൽ പുരസ്കാർ | 2,86,345/- | 0 | 2,86,345/- | 0 | 2,86,345/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| ഫണ്ട് (മെമ്പേഴ്സ് ഓഫ് ലെജിസ്ലേറ്റീവ് അസംബ്ലി) | 1,48,973/- | 10,07,167/- | 11,56,140/- | 10,00,000/- | 1,56,140/- |
| ശുചിത്വമിഷൻ | 0 | 75,071/- | 75,071/- | 74,910/- | 161/- |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 110 | 14,72,15,461/- | 97 | 7,48,91,270/- | - | 13 | 88% |

## 1-6 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.03.23 തീയതിയിൽ 2.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസില്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.
ആസ്തി രജിസ്റ്ററിൽ എൻജിനീയറിംഗ് വിഭാഗം പ്രവൃത്തികളുടേയും, പർച്ചേസുമായി ബന്ധപ്പെട്ട വിശദാംശങ്ങളും ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
നടപ്പാക്കിയ പ്രോജക്ടുകളുടെ ഫലപ്രാപ്തി നിരീക്ഷിക്കുന്നതിൽ ചുമതലപ്പെട്ട സ്റ്റാൻറിംഗ് കമ്മിറ്റികൾ ശ്രദ്ധ പതിപ്പിക്കുന്നില്ല.
ഓഡിറ്റ് റിപ്പോർട്ടിലെ പ്രധാന നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.
1. പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി-അക്കൌണ്ട് മാറി തുക നൽകി (ഖണ്ഡിക 1-13 കാണുക)
2. പാലിന് സബ്സിഡി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 5916/-രൂപ അധികം നൽകി (ഖണ്ഡിക 1-16 കാണുക )
3. തുടർ സാക്ഷരതാ പരിപാടി - അനർഹർക്ക് ആനുകൂല്യം നൽകി (ഖണ്ഡിക 1-17 കാണുക )
4. നാപ്കിൻ ഇൻസിനറേറ്റർ -മെഷീനുകൾ എല്ലാം തന്നെ നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ല. (ഖണ്ഡിക 1-18 കാണുക )
5. കെൽട്രോണിന് തുക നൽകിയെങ്കിലും കമ്പ്യൂട്ടർ ലഭിച്ചില്ല (ഖണ്ഡിക 1-22 കാണുക )
6. ത്രീഫേസ് വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചില്ല (ഖണ്ഡിക 1-23 കാണുക )
7. സ്റ്റോർ പർച്ചേസ് റൂൾ പാലിയ്ക്കാതെ മെഡിക്കൽ ഓഫീസർ ,നെടുമ്പന സി. എച്ച്. സി . മരുന്നുകളും ഉപകരണങ്ങളും വാങ്ങി (ഖണ്ഡിക 1-25 കാണുക )
ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും വേണ്ട രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധ ചെലുത്തിയിട്ടുണ്ട്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.09.22 മുതൽ 29.09.22 വരെ | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ | 23.03.2018 | 2013-14 മുതൽ | 29.05.2018 |

| | | | |
|---|---|---|---|
| ഓഡിറ്റ് | | 2016-17 വരെ | |

## 1-10 വാടക - ഡെപ്പോസിറ്റ് തുക ഈടാക്കുന്നില്ല.

മുഖത്തല ബ്ലോക്ക് പഞ്ചായത്ത് കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന ക്യാന്റീൻ കെട്ടിടത്തിന്റെ പ്രവർത്തനം ഏറ്റെടുക്കുന്ന കുടുംബശ്രീക്കാരിൽ നിന്ന് ഡെപ്പോസിറ്റ് ഇനത്തിൽ 3 മാസത്തെ വാടക തുക ഈടാക്കിയിട്ടില്ല. ഡെപ്പോസിറ്റ് ഇനത്തിൽ തുക ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ബ്ലോക്ക് ഓഫീസ് കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന ക്യാന്റീൻ കെട്ടിടത്തിന്റെ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നത് കുടുംബശ്രീ യൂണിറ്റുകൾ ആണെന്നും, ദാരിദ്ര്യ നിർമാർജനം ചെയ്യുന്നതിനും, സ്ത്രീശാക്തീകരണത്തിനുമുള്ള പദ്ധതിയായ കുടുംബശ്രീ യൂണിറ്റുകളിൽ നിന്ന് നാളിതുവരെ ഡെപ്പോസിറ്റ് തുക ഈടാക്കാൻ നിലവിൽ ഉത്തരവ് ഇല്ലാ എന്നുമാണ് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ബ്ലോക്ക് ഓഫീസ് കോമ്പൌണ്ടിൽ പ്രവർത്തിക്കുന്ന ക്യാന്റീൻ കെട്ടിടത്തിന്റെ വാടകയും, നടത്തിപ്പുമായി ബന്ധപ്പെട്ട നിയമാവലി തയ്യാറാക്കി സി.ആർ.ഡി യുടെ അംഗീകാരം വാങ്ങി ഉടമ്പടിയുടെ ഭാഗമാക്കുമെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മറുപടി നല്കിയിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിന്മേലുള്ള തുടർനടപടി രേഖാമൂലം അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 02/08.03.23

## 1-11 ലേലതുകയുടെ കൂടെ 18% ജി.എസ്.റ്റി ഈടാക്കിയില്ല.

ISO സ്റ്റാറ്റസ് നിലനിർത്തുന്നതിന്റെ ഭാഗമായി മുഖത്തല ബ്ലോക്ക് ഓഫീസ് കോമ്പൌണ്ടിൽ സൂക്ഷിച്ച ഉപയോഗപ്രദമായ വസ്തുക്കൾ 40,000/- രൂപയ്ക്ക് ലേലം ചെയ്ത് നൽകിയ ഇനത്തിൽ ശ്രീ. ഇബ്രാഹിംകുട്ടി, ഇർഷാദ് മൻസിൽ, എന്ന വ്യക്തിയിൽ നിന്ന് ലേലതുകയുടെ 18% ജി.എസ്.റ്റി ഈടാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 30 ദിവസത്തിനുള്ളിൽ ജി.എസ്.റ്റി തുകയായ 7,200/-രൂപ ഒടുക്കിക്കൊള്ളാമെന്ന് ടിയാൻ രേഖാമൂലം അറിയിച്ചുവെന്ന് മറുപടി ലഭ്യമാക്കി. ആയതിന്റെ രേഖ ഹാജരാക്കിയിട്ടുണ്ട്. തുക അടവാക്കിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം:02/08.02.23

## 1-12 പട്ടികജാതി വിദ്യാർഥികൾക്ക് പഠനമുറി - നിർമ്മാണം പൂർത്തീകരിച്ചില്ല.

പ്രോജക്ട് നം: 24/22
പ്രോജക്ട് : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി
അടങ്കൽ : 55,00,000/-രൂപ (വികസനഫണ്ട്-എസ്.സി.പി)
ചെലവ് : 55,00,000/-രൂപ (എസ്.സി.പി)
നിർവ്വഹണം : പട്ടികജാതി വികസന ഓഫീസർ

ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് അനുവദിക്കുന്ന സബ്സിഡി തുക 2,00,000/-രൂപയാണ്. 2021-22 സാമ്പത്തിക വർഷത്തിൽ കരാറിൽ ഏർപ്പെട്ട താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായിട്ടും പഠനമുറി നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/വിലാസം | ആകെ കൈപ്പറ്റിയ തുക (രൂപ)/ബിൽ നം/ തീയതി |
|---|---|---|
| 1 | വിജി.സി.വി/അശ്വനി പ്രദീപ്, കണ്ണങ്കര വീട്, മീയണ്ണൂർ, താഴത്തിൽ വീട് | 50,000/-(14/18.11.21)<br>75,000/-(25/7.1.22) |
| 2 | മനീഷ.വി.എസ്/വൈഷ്ണവി.എം, വൈഷ്ണവി ഭവൻ,റേഡിയോ ജംഗ്ഷൻ, പെരുമ്പുഴ. പി.ഒ | 50,000/-(14/18.11.21)<br>75,000/-(28/5.2.22)<br>25,000/-(39/26.3.22) |

| | | |
|---|---|---|
| 3 | ബാബു.പി/അഞ്ജലി.ബി, റോഡ് വിള വീട്, ശാസ്താംപൊയ്ക, മീയണ്ണൂർ | 50,000/-(14/18.11.21)<br>75,000/-(38/23.03.22) |
| 4 | ഷൈലകുമാരി.ആർ,/ജിഷ്ണു.യു, കുമാർ ഭവനം, പഴങ്ങാലം. നെടുമ്പന | 50,000/-(14/18.11.21) |
| | ആകെ | 4,50,000/- |

വിശദവിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശ്രീ. ബാബു പി / അഞ്ജലി, ശ്രീമതി മനീഷ വി എസ്/ വൈഷ്ണവി.എം എന്നീ ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണത്തിന്റെ അവസാനഘട്ടത്തിലാണെന്ന് നേരിട്ട് കണ്ട് ബോധ്യപ്പെട്ടെന്നും, ശ്രീമതീ വിജി.സി.വി/അശ്വിനി പ്രദീപ്, ശ്രീമതി ഷൈലകുമാരി / ജിഷ്ണു യു. എന്നീ ഗുണഭോക്താക്കൾക്ക് കത്ത് നൽകി അടിയന്തിരമായി പണികൾ പൂർത്തീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതാണെന്നും മറുപടി നൽകി. പഠനമുറി പൂർത്തീകരിക്കാത്ത മേൽ 4 ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 11 /09.03.2023

## 1-13 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അക്കൌണ്ട് മാറി തുക നൽകി.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(പ്രോജക്ട് നം.24/22) പദ്ധതി പ്രകാരം ശ്രീ.മനീഷ. വി.എസ്/വൈഷ്ണവി.എം, വൈഷ്ണവി ഭവൻ എന്ന ഗുണഭോക്താവിന് നാളിതുവരെ 2 ഗഡുക്കളായി 50,000/- രൂപ, 75,000/- രൂപ എന്നിങ്ങനെ ആകെ 1,25,000/- രൂപ നാളിതുവരെ നല്കിയിട്ടുണ്ട്. ട്രഷറി ബിൽ പ്രകാരം മൂന്നാം ഗഡു ആയി 25,000/-(ബിൽ നം. 39/26.03.22). രൂപ നല്കിയിരിക്കുന്നത് മനീഷ എം.ജെ എന്ന വ്യക്തിയുടെ പേരിലാണ്. ആയതിനാൽ മനീഷ. വി.എസ് എന്ന വ്യക്തിയുടെ അക്കൌണ്ട് രേഖകൾ പരിശോധിച്ചതിൽ 1,25,000/-രൂപ ടിയാളുടെ അക്കൌണ്ടിലും, 25,000/-രൂപ മനീഷ എം.ജെ വ്യക്തിയുടെ അക്കൌണ്ടിലും ആണ് ക്രെഡിറ്റ് ആയിരിക്കുന്നത്. മനീഷ എം.ജെ എന്ന വ്യക്തി പ്രോജക്ട് നം.25/22 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതിയിലെ ഗുണഭോക്താവാണ്. അക്കൌണ്ട് മാറി തുക നല്കിയതിന് വിശദീകരണം, ആയത് തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അക്കൗണ്ട് മാറി നൽകിയ തുകയായ 25,000/-രൂപ അടിയന്തിരമായി തിരിച്ചടയ്ക്കുന്നതിന് ടിയാൾക്ക് കത്ത് നൽകിയിട്ടുള്ളതായി എസ്.സി.ഡി.ഒ മറുപടി നൽകി. കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ തുക തിരികെ ഒടുക്കിയിട്ടില്ലാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു. തുക തിരികെ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതും അക്കൗണ്ട് മാറി നൽകിയ തുക അർഹതപ്പെട്ട ഗുണഭോക്താവിന് നൽകേണ്ടതുമാണ്. ടി വിഷയത്തിൽ വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം: 11/9.3.23

## 1-14 ജീവനം പദ്ധതി വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല - ചെലവ് തുക 11,05,915/- രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി, നം | ജീവനം (നം.14/22) |
| അടങ്കൽ തുക | 1,113,075/-രൂപ(വികസന ഫണ്ട്) |
| ചെലവ് തുക | 11,05,915/-രൂപ (ബിൽ നം.24/28.9.21 - 6,00,000/-<br>& ബിൽ നം.25/28.9.21 - 5,05,915/-) |

2021-22 വർഷം സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ജീവനം പദ്ധതിയിൽ വൃക്കരോഗികൾക്ക് സൗജന്യമായി ഡയാലിസിസും മറ്റ് സേവനങ്ങളും നൽകുന്നതിനായി 11,05,915/- രൂപ ജില്ലാപഞ്ചായത്തിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ടി പദ്ധതിക്കായി ചെലവഴിച്ച 11,05,915/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 11,05,915/-രൂപ
ഓഡിറ്റ് എൻക്വയറി നം.9/9.3.23

1-15 മുൻകൂർ തുക നൽകിയിട്ടും നാളിതുവരെയായി പദ്ധതി നിർവഹണം പൂർത്തിയായിട്ടില്ല. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം - 103/22 (വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ)
തനത് ഫണ്ട് – 37,896/-രൂപ
റോഡിതരം – 1,51,104/-രൂപ
ആകെ അടങ്കൽ - 1,89,000/-രൂപ
ചെലവ് – 1,51,104/- രൂപ
ബിൽ നം - 3/21-22 തീയതി 30/3/22

2021-22 വർഷം സി.ഡി.പി.ഒ നിർവഹണം നടത്തിയ പദ്ധതിയാണ് "വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്ക് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ". സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷൻ അല്ലെങ്കിൽ ടെണ്ടർ മുഖേന പദ്ധതി നടപ്പിലാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തത്. ഫയൽ പരിശോധനയിൽ 23/9/21 ൽ സിഡ്കോയുടെ 1,59,714/-രൂപയുടെ പ്രോഫോർമ ഇൻവോയ്സ് (നം-എസ്.ഡി.ഇ കെ.എൽ .എം പി-121-22-228) ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ടി സ്ഥാപനത്തെ പദ്ധതിയ്ക്കായി തിരഞ്ഞെടുത്തതിന്റെ യാതൊരു കത്തിടപാടുകളും ഫയലിൽ ലഭ്യമല്ല. 30/11/21 ൽ ഹാജരാക്കിയ ടാക്സ് ഇൻവോയ്സ് പ്രകാരം ഓഫീസിനകത്തെ വർക്കുകളും ഫർണീച്ചർ വസ്തുക്കളും ഉൾപ്പെടെ ആകെ 1,59,714/-രൂപയിൽ 1,51,104/-രൂപ സ്ഥാപനത്തിന് നൽകി. എന്നാൽ ഇൻവോയ്സ് പ്രകാരം ഫർണീച്ചർ ഇനത്തിൽ വാങ്ങിയ വസ്തുക്കളുടെ കൃത്യത പരിശോധിക്കുന്നതിന് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. സ്ഥാപനം സമർപ്പിച്ച ടാക്സ് ഇൻവോയ്സ് പ്രകാരം 13 ഓഫീസ് ഫർണീച്ചറുകളുടെയും 3 ഓഫീസിനകത്തെ വർക്കുകളുടെയും ഇൻവോയ്സുകൾ സമർപ്പിച്ചുണ്ട്. എന്നാൽ നേരിട്ടുള്ള പരിശോധനയിൽ ഇൻവോയ്സ് പ്രകാരമുള്ള ക്രമ നം. 1, 7, 8, 9, 14, 16 എന്നിവ പ്രകാരമുള്ള ഇനങ്ങൾ ലഭ്യമായിട്ടില്ല. ഇൻവോയ്സിൽ പരാമർശിച്ച പ്രകാരമുള്ള വർക്കുകളും സിഡ്കോ നാളിതുവരെയായി ഓഫീസിനകത്ത് നടത്തിയിട്ടില്ല. പ്രസ്തുത വിവരങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ നിലവിൽ ഓഫീസ് അറ്റകുറ്റപണി നടക്കുന്നതിനാലാണ് ഇൻവോയ്സ് പ്രകാരമുള്ള വർക്ക് നടത്തുന്നതിന് കാലതാമസം നേരിട്ടതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. ഇൻവോയ്സ് പ്രകാരമുള്ള വർക്കുകൾ നടത്തിയതിന്റെയും, ഓഫീസ് ഫർണീച്ചർ ലഭ്യമായതിന്റെയും രേഖകൾ ഹാജരാക്കുന്നതുവരെ സ്ഥാപനത്തിന് നൽകിയ 1,51,104/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 1,51,104/- രൂപ
എൻക്വയറി നം-8 തീയതി-9/3/23

1-16 പാലിന് സബ്സിഡി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 5,916/-രൂപ അധികം നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |
| പദ്ധതിവിവരം | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി (പ്രോജക്ട് നം.5/22) |
| അടങ്കൽ തുക | 38,35,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 38,35,000/-രൂപ (വികസന ഫണ്ട്) |

സബ്സിഡി മാർഗ്ഗ രേഖ ഉത്തരവ് നം.സ.ഉ(കൈ) നം. 22/2018/ത.സ്വ.ഭ.വ. തീയതി.14.2.2018, ഖ. 6.2.8 പ്രകാരം പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/-രൂപയാണെന്നും സംയുക്തമായോ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാത്രമായോ പദ്ധതി നടപ്പിലാക്കാം എന്ന് വ്യക്തമാക്കിയിരിക്കേ ഉത്തരവ് പാലിക്കാതെ 2021-22 വർഷത്തിൽ 40,000/-രൂപയിൽ അധികരിച്ച് വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദ വിവരം

ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി | UTR NO | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | അധികം അനുവദിച്ച തുക(രൂപ) |
|---|---|---|---|---|
| Sreerangan N, Sivasylam A/C N0. 12730100155074 | 5038.00 | RBI2742181179837/12.8.21 | Mukhathala Block Panchayat | |
| | 18366.00 | RBI3332169162546/19.6.21 | Thrikkovilvattom Grama Panchayat | |
| | 13688.00 | RBI2082174593097/16.1021 | Mukhathala Block Panchayat | |
| | 8824.00 | RBI0622233650064/24.11.21 | Thrikkovilvattom Grama Panchayat | |
| ആകെ | 45,916/- | | | 5,916/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ അധികം നൽകിയ തുക കൈപ്പറ്റിയ ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുകയായ 5,916/-രൂപ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക – 5,916/-രൂപ.
ഓഡിറ്റ് എൻക്വയറി നമ്പർ - 4/9.3.22.
ഉത്തരവാദിയായ ഉദ്യോഗസ്ഥ - ശ്രീമതി. അനു ആർ ബാബു, ക്ഷീരവികസന ഓഫീസർ

1-17 തുടർ സാക്ഷരതാ പരിപാടി - അനർഹർക്ക് ആനുകൂല്യം നൽകി.

സെക്രട്ടറി നിർവഹണം നടത്തിയ തുടർ സാക്ഷരതാ പരിപാടി അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി, നം | തുടർ സാക്ഷരതാ പരിപാടി, (11/22) |
| അടങ്കൽ തുക | 2,50,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് തുക, ബിൽ നം/തീയതി | 2,49,300/-രൂപ (28/15.11.21) |

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ തുടർ സാക്ഷരതാ പരിപാടി പദ്ധതിയിൽ പത്താം തരം തുല്യത പരീക്ഷയ്ക്കായി 34 പഠിതാക്കൾക്ക് 1,850/-രൂപ നിരക്കിൽ 62,900/- രൂപയും, പതിനൊന്നാം തരം തുല്യത പരീക്ഷയ്ക്കായി 42 പഠിതാക്കൾക്ക് 25,00/-രൂപ നിരക്കിൽ 1,05,000/-രൂപയും, പന്ത്രണ്ടാം തരം തുല്യത പരീക്ഷയ്ക്കായി 37 പഠിതാക്കൾക്ക് 2,200/-രൂപ നിരക്കിൽ 81,400/-രൂപയും ഉൾപ്പടെ ആകെ 2,49,300/- രൂപ സാക്ഷരതാ മിഷനിൽ 2021-22 സാമ്പത്തിക വർഷം ഒടുക്കിയിട്ടുണ്ട്. പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. പത്താം തരം തുല്യത പഠിതാക്കളിൽ 3 ഗുണഭോക്താക്കളും, പതിനൊന്നാം തരം തുല്യത പഠിതാക്കളിൽ 7 ഗുണഭോക്താക്കളും പന്ത്രണ്ടാം തരം തുല്യതാ പഠിതാക്കളിൽ 1 ഗുണഭോക്താവും മുഖത്തല ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുൾപ്പെടുന്ന വ്യക്തികളല്ലെന്ന് ഹാജരാക്കിയ രേഖകളിൽ കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | ഉൾപ്പെടുന്ന തദ്ദേശസ്ഥാപനം | രജിസ്റ്റർ ചെയ്ത കോഴ്സ് |
|---|---|---|
| ശ്രീമതി സലീന, വയയ്ക്കൽ, | കൊല്ലം കോർപ്പറേഷൻ | പത്താം തരം തുല്യത |

| | | |
|---|---|---|
| മാനത്തുചേരി, കാവനാട് | | |
| ശ്രീമതി ജാസ്മി ആർ, കൊടിവിള പുത്തൻവീട്, നെട്ടയം, അമ്പലംകുന്ന് | ഇളമാട് ഗ്രാമ പഞ്ചായത്ത് | പത്താം തരം തുല്യത |
| ശ്രീമതി ഷെമീർ എ, പുതുവൽ പുത്തൻവീട്, ആശ്രാമം, കൊല്ലം | കൊല്ലം കോർപ്പറേഷൻ | പത്താം തരം തുല്യത |
| ശ്രീമതി സെഫ്ലനിസ, പള്ളിക്കിഴക്കതിൽ, നെറ്റിക്കുന്ന്, മടത്തറ | തിരുവനന്തപുരം ജില്ല | പന്ത്രണ്ടാം തരം തുല്യത |
| ശ്രീമതി സുലൈന എസ്, മാവിളവീട്, വെളിനല്ലൂർ പി.ഒ | വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് | പതിനൊന്നാം തരം തുല്യത |
| ശ്രീ സമീർ എസ്, കുന്നത്ത് വീട്, പൊഴിക്കര, പരവൂർ | പരവൂർ നഗരസഭ | പതിനൊന്നാം തരം തുല്യത |
| ശ്രീമതി ഷാജില എസ്, ഷാജില മൻസിൽ, കോങ്ങാൽ, പരവൂർ | പരവൂർ നഗരസഭ | പതിനൊന്നാം തരം തുല്യത |
| ശ്രീ മുഹമ്മദ് അലി, ലുബിന മൻസിൽ, കോങ്ങാൽ, പരവൂർ | പരവൂർ നഗരസഭ | പതിനൊന്നാം തരം തുല്യത |
| ശ്രീമതി ജസീറ ജെ, ജസീറ മൻസിൽ, കോങ്ങാൽ, പരവൂർ | പരവൂർ നഗരസഭ | പതിനൊന്നാം തരം തുല്യത |
| ശ്രീ ഷാജി എം, കിഴക്കേ പുത്തൻ വീട്, തൃപ്പലഴികം, കരീപ്ര | കരീപ്ര ഗ്രാമ പഞ്ചായത്ത് | പതിനൊന്നാം തരം തുല്യത |
| ശ്രീമതി ശരണ്യ എം, ഡിപ്പോ പുരയിടം പാലസ്, വെസ്റ്റ് തേവള്ളി | കൊല്ലം കോർപ്പറേഷൻ | പതിനൊന്നാം തരം തുല്യത |

ഗുണഭോക്താക്കൾ കോഴ്സ് പാസായത് സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അപേക്ഷയിൽ മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടി ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 25,250/-രൂപ (1850x3+2500x7+2200x1) തടസ്സപ്പെടുത്തുന്നു. മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് "ടി വ്യക്തികൾ അപേക്ഷ രജിസ്റ്റർ ചെയ്ത വേളയിൽ ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അഡ്രസ്സിലായിരുന്നുവെന്നും, പഠനം നടത്തിയ വേളയിൽ ബ്ളോക്ക് പഞ്ചായത്ത് പ്രദേശത്തായിരുന്നുവെന്നുമാണ് "മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ ടി വ്യക്തികൾ പഠനം നടത്തുന്ന വേളയിലുള്ള വാടക കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സ്വയം സാക്ഷ്യപ്പെടുത്തലും മെമ്പറുടെ സാക്ഷ്യപ്പെടുത്തലും മാത്രമാണുള്ളത്. ആയതിനാൽ മറുപടി സാധൂകരിക്കത്തക്കതല്ല, മറ്റ് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിന് വിശദീകരണം നൽകേണ്ടതും സർക്കാരിൽ നിന്ന് അനുമതി ലഭ്യമാക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തിയ തുക - 25,250/-രൂപ.
ഓഡിറ്റ് എൻക്വയറി നം. – 3/9.3.23

1-18 നാപ്കിൻ ഇൻസിനറേറ്റർ - മെഷീനുകൾ എല്ലാം തന്നെ നാളിതുവരെ പ്രവർത്തന സജ്ജമായിട്ടില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പദ്ധതി, നം | ഷീ ടോയിലറ്റിൽ ഇൻസിനറേറ്റർ<br>(നം 100/2022) |
| അടങ്കൽ തുക | 50,000/-രൂപ (വികസന ഫണ്ട്)<br>4,50,000/-രൂപ (കേന്ദ്ര ഫണ്ട്) |
| ചെലവ് തുക | 1,88,997/-(ചെക്ക് നം.001715/28.7.21 & 001717/12.11.21) |

2021-22 വാർഷിക പദ്ധതിയിൽ പ്രോ.നം 100/2022 ആയി ഉൾപ്പെടുത്തി അംഗീകാരം വാങ്ങിയ ഷീ ടോയിലറ്റിൽ ഇൻസിനറേറ്റർ വാങ്ങൽ പ്രോജക്ടിന്റെ ഭാഗമായി വാങ്ങിയ Napkin Incinerator Machine Floret Technologies എന്ന സ്ഥാപനത്തിൽ നിന്ന് ഒരുവർഷ വാറൻറിയോടെയാണ് 1,88,997/-രൂപ (26999.5 X 7) ചെലവഴിച്ച് മെഷീനുകൾ വാങ്ങിയിട്ടുണ്ട്. വാങ്ങിയ മെഷീനുകൾ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്.

1. Govt HSS Pallimon-1 Nos
2. Govt UPS Nallila- 1 Nos
3. Govt HS Keralapuram- 1 Nos
4. KGVUPS Kundara- 1 Nos
5. Govt Model UPS Kakkoottumoola - 1 Nos
6. Govt VHSS Peroor - 2 Nos

Govt VHSS Peroor, Govt HS Keralapuram എന്നീ സ്കൂളുകളിൽ ഇൻസിനറേറ്ററുകൾ പ്രവർത്തന സജ്ജമായിട്ടില്ല എന്നാണ് മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ റിപ്പോർട്ട്. 7 മെഷീനുകൾ വാങ്ങിയതിൽ 3 എണ്ണം നാളിതുവരെ പ്രവർത്തനമാരംഭിക്കാത്ത സാഹചര്യമാണുള്ളത്. മെഷീനുകൾ പ്രവർത്തിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കാതെ പദ്ധതിപ്പണം ചെലവഴിക്കാനുണ്ടായ സാഹചര്യം വിശദമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കേവലം ഒരു വർഷ വാറന്റിയോടെ വാങ്ങിയ മെഷീനുകൾ നാളിതു വരെ, വാങ്ങി ഒരു വർഷം തികയാൻ പോകുന്ന സമയത്തും പ്രവർത്തനമാരംഭിക്കാത്ത സാഹചര്യത്തിൽ വാറന്റിയുടെ പ്രയോജനം നഷ്ടപ്പെടുന്ന സാഹചര്യമാണുണ്ടായിട്ടുള്ളത്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. മെഷീനുകൾ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.9/9.3.23

1-19 ആസ്തി രജിസ്റ്റർ - സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പരിപാലിയ്ക്കുന്നില്ല.

ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. ഓരോ സാമ്പത്തിക വർഷത്തിന്റെയും

ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ് 13.01.2010 ലെ 58608/ഡി.ബി2/09) നിഷ്കർഷിച്ചിട്ടുള്ളതാണ്.

ബ്ലോക്ക് പഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. അതിനാൽ മുഖത്തല ബ്ലോക്കിലെ എല്ലാ ആസ്തി വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും ആയത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള അസിസ്റ്റന്റ് എൻജിനീയറുടെ മറുപടിയിൽ ടി വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് അന്വേഷണം - 5/09.03.2023

## 1-20 ഭൂജല വകുപ്പ് മുഖേന ഡെപ്പോസിറ്റ് പ്രവൃത്തി - ബാലൻസ് തുക ലഭിച്ചില്ല.

പ്രോജക്ട് നം. – 88/2022- നെടുമ്പന സി.എച്ച്.സി യിലെ കിണറുകളുടെ പുനരുദ്ധാരണം
നിർവ്വഹണ ഉദ്യോഗസ്ഥ - അസി. എൻജിനീയർ, എൽ.എസ്.ജി.ഡി
ഫണ്ട് - 6,00,000/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ്
ചെലവ് തുക – 6,00,000/- രൂപ (പി.എഫ്.എം.എസ്.നം.ആർ 02220074/05.02.2022)

ഭൂജല വകുപ്പ് ജില്ലാ ഓഫീസറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ( 03.11.2021-ലെ നം.ജി.കെ.ടി.1313/2021 കത്ത്) 6,00,000/-രൂപ 05/02/2022-ന് എസ്.ബി.ഐ. യുടെ 67201503725 അക്കൗണ്ടിൽ അടവാക്കിയിരുന്നു. 07.03.2023 -ന് ഹാജരാക്കിയ വിനിയോഗ സാക്ഷ്യപത്രത്തിൽ ചെലവ് തുക 5,92,816/-രൂപ എന്നു രേഖപ്പെടുത്തിയിട്ടുള്ളതിനാൽ 7,184/-രൂപ തിരികെ ലഭിക്കുവാൻ അവശേഷിക്കുന്നു.

ആയത് ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കാത്തതിനാൽ 7,184/- രൂപ തടസ്സത്തിൽ വയ്ക്കുന്നു. തുക തിരികെ അടച്ചതിന്റെ രേഖ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 7,184/- രൂപ
ഓഡിറ്റ് എൻക്വയറി നം - 5/09.03.2023

## 1-21 പാനൽ എൻജിനീയർമാർ മുഖേന നടത്തുന്ന ഇലക്ട്രിക്കൽ പ്രവൃത്തികൾ - സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല.

പ്രോജക്ട് നം.106/2022-സി.ഡി.പി.ഒ, എ.ഡി.എ ഓഫീസുകളുടെ മെയിന്റനൻസ് -
ചെലവ് തുക – 1,41,120/-രൂപ – മെയിന്റനൻസ് ഫണ്ട് ( റോഡിതരം )
എഗ്രിമെന്റ് നം.23/എ.ഇ./എൽ.എസ്.ജി.ഡി./എം.ബി.പി./20-21/19.02.2021

പ്രോജക്ട് നടപ്പിൽ വരുത്തുന്നതിന് 1,44,100/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് കൊല്ലം ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി. ഇലക്ട്രിക്കൽ പാനൽ എൻജിനീയർ ശ്രീ. രമണനും, പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയത് പാനൽ എൻജിനീയർമാരായ ശ്രീ. മുഹമ്മദലി, ശ്രീ. സി.എം. ഷംസുദ്ദീൻ എന്നിവരുമാണ്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ പ്രവൃത്തിക്ക് ടി.എസും നൽകിയിരിക്കുന്നു.

അസിസ്റ്റന്റ് എൻജിനീയർ നടത്തിയ ടെണ്ടർ നടപടിയിലൂടെ കരാർ ലഭിച്ച ശ്രീ. സുനിലാൽ എസ്.

നിർവ്വഹിച്ച ഇലക്ട്രിക്കൽ പ്രവൃത്തികൾ പരിശോധിച്ച് ശ്രീ. രമണൻ നൽകിയ കംപ്ലീഷൻ സർട്ടിഫിക്കറ്റിന്റെയും ശ്രീ.സി.എം. ഷംസുദ്ദീൻ നടത്തിയ ചെക്ക് മെഷർമെന്റിന്റെയും അടിസ്ഥാനത്തിൽ എ.ഇ. കരാറുകാരന് 1,29,926/-രൂപ അനുവദിച്ചു. ടി ചെലവ് കൂടാതെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, ടെണ്ടർ രേഖകൾ തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി എസ്റ്റിമേറ്റിന്റെ 3% തുകയായ 4,323/-രൂപ ശ്രീ. രമണനും, ടെക്നിക്കൽ സാങ്ഷൻ റിപ്പോർട്ട് തയ്യാറാക്കൽ, ചെക്ക് മെഷർമെന്റ് എന്നിവയ്ക്കായി 1% തുകയായ 1,441/-രൂപ ശ്രീ. സി.എം. ഷംസുദ്ദീൻ കുഞ്ഞിനും അനുവദിച്ചിട്ടുണ്ട്.

തദ്ദേശ സ്വയം ഭരണ (ഇ.ഡബ്ല്യു.) വകുപ്പിന്റെ 22.09.2015 ലെ സർക്കാർ ഉത്തരവ് (സാധാ) നം.2878/2015 /ത.സ്വ.ഭ.വ ഉത്തരവിൽ തദ്ദേശഭരണസ്ഥാപനങ്ങളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും പ്രവൃത്തികളുടെ മേൽനോട്ടം വഹിക്കുന്നതിനും പി.ഡബ്ല്യു.ഡി, കെ.എസ്.ഇ.ബി. എന്നിവിടങ്ങളിൽ നിന്നും വിരമിച്ച യോഗ്യരായ എൻജിനീയർമാരുടെ ഒരു പാനൽ എൽ.എസ്.ജി.ഡി. എക്സിക്യൂട്ടിവ് എൻജിനീയർ തയ്യാറാക്കേണ്ടതാണ്. ഈ പാനലിൽ നിന്നും ഒരു എൻജിനീയറെ തദ്ദേശ സ്വയംഭരണ സ്ഥാപനം തെരഞ്ഞെടുക്കേണ്ടതും പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

രേഖകൾ പരിശോധിച്ചതിൽ പാനൽ എൻജിനീയറെ തെരഞ്ഞെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനം പ്രസ്തുത വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. പ്രവൃത്തിയുടെ ഇലക്ട്രിക്കൽ ഡ്രോയിംഗ്, മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ഇല്ല.

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എൻജിനീയർ നൽകിയ മറുപടിയിൽ ഇത്തരം പ്രവൃത്തികൾക്ക് എഗ്രിമെന്റ് തുടർന്നുള്ള വർഷങ്ങളിൽ വയ്ക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് അറിയിച്ചു. എന്നാൽ നിലവിൽ സംഭവിച്ച വീഴ്ച സംബന്ധിച്ച് വിശദീകരിക്കേണ്ടതാണ്.

മേൽ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഭരണ സമിതിയുടെ ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുന്നു.

ഓഡിറ്റ് എൻക്വയറി നം. – 5/09.03.2023

## 1-22 കെൽട്രോണിന് തുക നൽകിയെങ്കിലും കമ്പ്യൂട്ടർ ലഭിച്ചില്ല.

പ്രോജക്ട് നം.115/22- മയ്യനാട് സി.എച്ച്.സി. യ്ക്ക് കമ്പ്യൂട്ടർ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, മയ്യനാട് സി.എച്ച്.സി.

അടങ്കൽ തുക - 50,000/- രൂപ

ഫണ്ട്- മെയിൻ്റനൻസ് ഫണ്ട്- (റോഡ് ഇതരം )

ചെലവ് തുക - 39,797/-രൂപ

ബിൽ നം.29/14.03.2022

കെൽട്രോണിൽ നിന്നും 39,797/-രൂപയ്ക്ക് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ (പ്രൊഫോർമ ഇൻവോയിസ് നം.34938/13.02.2022- ഇന്റൽ കോർ ഐ 3-വിൻഡോസ് 10 പ്രൊഫഷണൽ ) വാങ്ങുന്നതിന് കേരള ഐ.ടി മിഷന് തുക കൈമാറിയെങ്കിലും ആയത് നാളിതുവരെ ലഭിച്ചില്ല. കമ്പ്യൂട്ടർ ലഭിക്കുകയോ, അടവാക്കിയ തുക തിരികെ ലഭിക്കുകയോ ചെയ്യാത്ത സാഹചര്യത്തിൽ ചെലവ് തുകയായ 39,797/-രൂപ തടസ്സത്തിൽ വയ്ക്കുന്നു.

മേൽ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, വില വർദ്ധന വന്നതിനാൽ 5,058/-രൂപ കൂടി ആശുപത്രി നിർവ്വഹണ സമിതി തീരുമാനപ്രകാരം കെൽട്രോണിന് നൽകിയെന്നും കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. കമ്പ്യൂട്ടർ സ്റ്റോക്കിൽ എടുത്ത് രേഖ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക – 39,797/- രൂപ

ഓഡിറ്റ് അന്വേഷണം നം. 6/09.03.2023

## 1-23 ത്രീഫേസ് വൈദ്യുതി കണക്ഷൻ ഇല്ലാത്തതിനാൽ ഡിജിറ്റൽ എക്സ്റേ യൂണിറ്റിന്റെ


പ്രവർത്തനം ആരംഭിച്ചില്ല.

പ്രോജക്ട് നം.141/22- നെടുമ്പന സി.എച്ച്.സി.യ്ക്ക് ഡിജിറ്റൽ എക്സ്റെ വാങ്ങലും അനുബന്ധ ചെലവുകളും
നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, നെടുമ്പന സി.എച്ച്.സി
അടങ്കൽ തുക – 10,00,000/-രൂപ, മെയിന്റനൻസ് ഫണ്ട് (റോഡിതരം )
ചെലവ് തുക – 9,63,200/- രൂപ
ബിൽ നം.29/30.03.2022

9,63,200/-( 8,60,000 + 12 % ജി.എസ്.ടി ) രൂപയുടെ ഉപകരണം വാങ്ങുന്നതിന് ഇ-ടെണ്ടർ വിളിക്കാതെ (പ്രോജക്ട് രൂപീകരണ ഫോറത്തിൽ, റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തിൽ നിന്നും വാങ്ങൽ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്) ഓപ്പൺ ടെണ്ടറിൽ പത്രപരസ്യത്തിന്റെ അടിസ്ഥാനത്തിൽ കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത Care Surgicals & Medicals, തിരുവനന്തപുരം (പ്രൊഫോർമ നം.1556/22 തീ.23.03.2022 ) എന്ന സ്ഥാപനത്തിന്, 26.03.2022-ന് സപ്ലൈ ഓർഡർ നൽകിയതിനെ തുടർന്ന് 26.03.2022-ലെ 142/2022 നം. ഇൻവോയിസ് പ്രകാരം ഡിജിറ്റൽ എക്സ്റെ മെഷീൻ വാങ്ങി.

സ്ഥാപനം ഉപകരണങ്ങൾ സപ്ലൈ ചെയ്തുവെങ്കിലും എക്സ്റേ സ്ഥാപിക്കുന്ന മുറിയിൽ 3 Phase കറണ്ട് കണക്ഷൻ ഇല്ലാത്തതിനാൽ നാളിതുവരെ ഉപകരണം പ്രവർത്തിപ്പിക്കാൻ സാധിച്ചിട്ടില്ല. സ്ഥാപനത്തിന്റെ ഗ്യാരന്റി/വാറന്റി രേഖകൾ, ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ട് ലഭ്യമല്ല.








അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെ, ഉപകരണങ്ങൾ സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസങ്ങളിൽ വാങ്ങുകവഴി ഫണ്ട് ചെലവഴിക്കുക മാത്രമാണ് ടി പ്രോജക്ട് മുഖേന നടത്തിയത്. ഉപകരണങ്ങൾ സ്ഥാപിക്കാത്തതിനാൽ ഗ്യാരന്റി, വാരന്റികാലാവധിയ്ക്ക് ശേഷം നിബന്ധനകൾ പാലിയ്ക്കുന്നതിന് സപ്ലൈയർക്ക് നിയമപരമായ ബാധ്യത ഇല്ല.

മേൽ സാഹചര്യത്തിൽ പ്രോജക്ട് ചെലവായ 9,63,200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വൈദ്യുതീകരണ പ്രവൃത്തികൾ താമസംവിനാ നടപ്പാക്കി എക്സ്റേ യൂണിറ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് ചുമതലപ്പെട്ടവർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധയിൽ ടി വിഷയം കൊണ്ടുവരുന്നു.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല.

തടസ്സപ്പെടുത്തുന്ന തുക – 9,63,200/- രൂപ

ഓഡിറ്റ് എൻക്വയറി നം – 7/09.03.2023

**1-24 കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 6,07,068/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല.**

മെഡിക്കൽ ഓഫീസർ മയ്യനാട് സി.എച്ച്.സി, മെഡിക്കൽ ഓഫീസർ നെടുമ്പന എന്നിവർ നിർവ്വഹണം

നടത്തിയ വിവിധ പ്രോജക്ടുകളിൽ മരുന്നുകൾ വാങ്ങുന്നതിനായി K.M.S.C.L-ൽ അടവാക്കിയ 6,07,068/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. മെഡിക്കൽ ഓഫീസർ, മയ്യനാട് സി.എച്ച്.സി

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/ തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 18/22-മയ്യനാട് സി. എച്ച്. സി. യ്ക്ക് മരുന്ന് വാങ്ങൽ-മെയിന്റനൻസ് ഫണ്ട്-റോഡിതരം | 9,00,000/- | ബിൽ നം. 2/17.6.2021 | PRF 489/04.06.2021 | 8,28,361/- | 71,639/- |
| | | | | ആകെ തുക | 71,639/-രൂപ |

തടസ്സപ്പെടുത്തുന്ന തുക - 71,639/- രൂപ
ഓഡിറ്റ് എൻക്വയറി നം – 6/09.03.2023

2. മെഡിക്കൽ ഓഫീസർ, നെടുമ്പന സി.എച്ച്.സി

| പ്രോജക്ട് നം./ഫണ്ടിനം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/തീയതി | കെ.എം.സി.എൽ. പ്രൊഫോർമ നം./തീയതി | ലഭിച്ച മരുന്നുകളുടെ വില(രൂപ) | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില(രൂപ) |
|---|---|---|---|---|---|
| 59/22-നെടുമ്പന സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ-മെയിന്റനൻസ് ഫണ്ട്-റോഡിതരം | 10,00,000/- | ബിൽ നം. 21/05.2.2022 | PRF 3598/26.11.2021 | 4,64,571/- | 5,35,429/- |
| | | | | ആകെ തുക | 5,35,429/- രൂപ |

തടസ്സപ്പെടുത്തുന്ന തുക - 5,35,429/- രൂപ

ഓഡിറ്റ് എൻക്വയറി നം – 7/09.03.2023

മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നുവെന്നാണ് ചുമതലപ്പെട്ടവർ അറിയിച്ചിട്ടുള്ളത്. ലഭിക്കുവാൻ അവശേഷിക്കുന്ന ആകെ മരുന്നുകളുടെ വിലയായ 6,07,068/-രൂപ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-25 സ്റ്റോർ പർച്ചേസ് റൂൾ പാലിയ്ക്കാതെ മരുന്നുകളും ഉപകരണങ്ങളും വാങ്ങി.

പ്രോജക്ട് നം.108/22 - മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, നെടുമ്പന സി.എച്ച്.സി.

അടങ്കൽ തുക - 2,48,581/-രൂപ (പൊതു വിഭാഗം-വികസനഫണ്ട്)

ചെലവ് തുക - 2,48,581/-രൂപ

സ്റ്റോർസ് പർച്ചേസ് മാന്വൽ, 2013 (ജി.ഒ.(പി.)നം.3/2013/എസ്.പി.ഡി.തീ 21/06/2013 പ്രകാരം 15,000/-രൂപ മുതൽ 1,00,000/-രൂപ വരെയുള്ള വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയും 1,00,000/-രൂപയ്ക്ക് മുകളിൽ ഉള്ളവയ്ക്ക് ടെണ്ടർ നടപടി ക്രമങ്ങളിലൂടെയും ആണ് നടത്തേണ്ടത്. പ്രസ്തുത പ്രോജക്ടിൽ വാങ്ങൽ നടത്തിയത് സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചല്ല.

തടി ഫർണിച്ചർ, ഹോസ്പിറ്റൽ ഫർണീച്ചർ എന്നിവ നിർമ്മിക്കുന്ന ARTCO എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ ആശുപത്രിയ്ക്ക് സർജ്ജിക്കൽ ഗ്ലൗസ്, ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്സ് തുടങ്ങിയവ 1,09,520/-രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്. ടി വാങ്ങലിനെ സാധൂകരിക്കുന്ന സർക്കാർ ഉത്തരവ് ഇല്ല. ഗൗരി മെഡിക്കൽസ്, സിംബയോസ്, എക്സൽ സയന്റിഫിക്ക്, റാഡിക്സ് ഹെൽത്ത്, വഞ്ചിനാട് സർജിക്കൽസ് തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും മരുന്നുകൾ, ഉപകരണങ്ങൾ എന്നിവ വാങ്ങിയതിന് സ്വീകരിച്ച ക്വട്ടേഷൻ നടപടികൾ, റേറ്റ് കോൺട്രാക്ട് ഉണ്ടെങ്കിൽ ആയതിന്റെ രേഖകൾ, ഓഫീസ് പ്രൊസീഡിംഗ്സ്, ബ്ലോക്ക് പഞ്ചായത്ത് കമ്മറ്റി തീരുമാനങ്ങൾ എന്നിവയും ചുമതലപ്പെട്ടവർ ഹാജരാക്കിയിട്ടില്ല.

ചെലവിന്റെ വിവരങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

| ക്രമ നം. | ട്രഷറി ബില്ല് നമ്പർ/തീയതി | സ്ഥാപനം | വാങ്ങിയ ഇനങ്ങൾ | തുക(രൂപ ) |
|---|---|---|---|---|
| 1. | 6/07.10.2021 | ARTCO | സർജിക്കൽ ഗ്ലൗസ്, യൂറിൻ സ്ട്രിപ്പ്, ഗ്ലൂക്കോമീറ്റർ, ഗ്ലൂക്കോമീറ്റർ സ്ട്രിപ്പുകൾ | 1,07,927/- |
| 2. | 10/01.11.2021 | ഗൗരി മെഡിക്കൽസ് | മരുന്നുകൾ | 23,676/- |
| 3. | 14/27.11.2021 | ARTCO, സിംബയോസ് | ഹാൻഡ് സ്പ്രെയർ, ഹാൻഡ് വാഷ്, ടെസ്റ്റ് കിറ്റുകൾ | 28,960/- |
| 4. | 17/20.01.2022 | എക്സൽ സയന്റിഫിക്ക് | യൂറിൻ സ്ട്രിപ്പ്, ഡിജിറ്റൽ സ്റ്റോപ്പ് ടോർണികിറ്റ്, പി. ബി. ഗ്ലൂക്കോസ് | 23,700/- |
| 5. | 22/17.02.2022 | റാഡിക്സ് ഹെൽത്ത്, വഞ്ചിനാട് സർജിക്കൽസ്, സിംബയോസ് | ടെസ്റ്റ് കിറ്റുകൾ | 46,732/- |
| 6. | 29/30.03.2022 | എക്സൽ സയന്റിഫിക്ക് | ടെസ്റ്റ് കിറ്റുകൾ | 5,422/- |
| | | | ആകെ തുക | 2,36,417/- |

മേൽ സാഹചര്യത്തിൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായും രേഖകളുടെ അഭാവത്തിലും നടത്തിയ 2,36,417/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. ഇതുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചില്ല. പരാമർശിച്ചിട്ടുള്ള കാര്യങ്ങൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 2,36,417/- രൂപ

ഓഡിറ്റ് എൻക്വയറി നം – 7/09.03.2023

ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ലേലതുകയുടെ കൂടെ 18% ജി.എസ്.റ്റി ഈടാക്കിയില്ല.

ISO സ്റ്റാറ്റസ് നിലനിർത്തുന്നതിന്റെ ഭാഗമായി മുഖത്തല ബ്ലോക്ക് ഓഫീസ് കോമ്പൌണ്ടിൽ സൂക്ഷിച്ച ഉപയോഗപ്രദമായ വസ്തുക്കൾ 40,000/- രൂപയ്ക്ക് ലേലം ചെയ്ത് നൽകിയ ഇനത്തിൽ ശ്രീ. ഇബ്രാഹിംകുട്ടി, ഇർഷാദ് മൻസിൽ, എന്ന വ്യക്തിയിൽ നിന്ന് ലേലതുകയുടെ 18% ജി.എസ്.റ്റി ഈടാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 30 ദിവസത്തിനുള്ളിൽ ജി.എസ്.റ്റി തുകയായ 7,200/- രൂപ ഒടുക്കിക്കൊള്ളാമെന്ന് ടിയാൻ രേഖാമൂലം അറിയിച്ചുവെന്ന് മറുപടി ലഭ്യമാക്കി. ആയതിന്റെ രേഖ ഹാജരാക്കിയിട്ടുണ്ട്. തുക അടവാക്കിയ രേഖകൾ ഓഡിറ്റിന് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം : 02/08.02.23

## ഭാഗം -3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പാലിന് സബ്സിഡി - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല - 5,916/-രൂപ അധികം നൽകി.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | ക്ഷീര വികസന ഓഫീസർ |
| പദ്ധതിവിവരം | ക്ഷീര കർഷകർക്ക് പാൽ വില സബ്സിഡി (പ്രോജക്ട് നം.5/22) |
| അടങ്കൽ തുക | 38,35,000/-രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 38,35,000/-രൂപ (വികസന ഫണ്ട്) |

സബ്സിഡി മാർഗ്ഗ രേഖ ഉത്തരവ് നം.സ.ഉ(കൈ) നം.22/2018/ത.സ്വ.ഭ.വ. തീയതി.14.2.2018, ഖ. 6.2.8 പ്രകാരം പാലിന് സബ്സിഡിയിനത്തിൽ ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 40,000/-രൂപയാണെന്നും സംയുക്തമായോ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായോ പദ്ധതി നടപ്പിലാക്കാം എന്ന് വ്യക്തമാക്കിയിരിക്കേ ഉത്തരവ് പാലിക്കാതെ 2021-22 വർഷത്തിൽ 40,000/-രൂപയിൽ അധികരിച്ച് വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് വിവരം | അനുവദിച്ച സബ്സിഡി | UTR NO | സബ്സിഡി അനുവദിച്ച തദ്ദേശ സ്ഥാപനം | അധികം അനുവദിച്ച തുക(രൂപ) |
|---|---|---|---|---|
| Sreerangan N, Sivasylam A/C N0. 12730100155074 | 5038.00 | RBI2742181179837/12.8.21 | Mukhathala Block Panchayat | |
| | 18366.00 | RBI3332169162546/19.6.21 | Thrikkovilvattom Grama Panchayat | |
| | 13688.00 | RBI2082174593097/16.1021 | Mukhathala Block Panchayat | |
| | 8824.00 | RBI0622233650064/24.11.21 | Thrikkovilvattom | |

| | | | | |
|---|---|---|---|---|
| | | | Grama Panchayat | |
| ആകെ | 45,916/- | | | 5,916/- |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ അധികം നൽകിയ തുക കൈപ്പറ്റിയ ഗുണഭോക്താവിൽ നിന്ന് തിരികെ ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. അധികം നൽകിയ തുകയായ 5,916/-രൂപ നിരാകരിക്കുന്നു. ടി തുക തിരികെ ഈടാക്കി ഒടുക്കു വരുത്തി വിവരം അറിയിക്കേണ്ടതാണ്.

നിരാകരിച്ച തുക – 5,916/-രൂപ.

ഓഡിറ്റ് എൻക്വയറി നമ്പർ - 4/9.3.22.

ഉത്തരവാദിയായ ഉദ്യോഗസ്ഥ - ശ്രീമതി. അന ആർ ബാബു, ക്ഷീരവികസന ഓഫീസർ

### 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി - അക്കൌണ്ട് മാറി തുക നൽകി.

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി(പ്രോജക്ട് നം.24/22) പദ്ധതി പ്രകാരം ശ്രീ.മനീഷ. വി.എസ്/വൈഷ്ണവി.എം, വൈഷ്ണവി ഭവൻ എന്ന ഗുണഭോക്താവിന് നാളിതുവരെ 2 ഗഡുക്കളായി 50,000/- രൂപ, 75,000/- രൂപ എന്നിങ്ങനെ ആകെ 1,25,000/- രൂപ നാളിതുവരെ നല്കിയിട്ടുണ്ട്. ട്രഷറി ബിൽ പ്രകാരം മൂന്നാം ഗഡു ആയി 25,000/-(ബിൽ നം. 39/26.03.22) രൂപ നല്കിയിരിക്കുന്നത് മനീഷ എം.ജെ എന്ന വ്യക്തിയുടെ പേരിലാണ്. ആയതിനാൽ മനീഷ. വി.എസ് എന്ന വ്യക്തിയുടെ അക്കൌണ്ട് രേഖകൾ പരിശോധിച്ചതിൽ 1,25,000/- രൂപ ടിയാളുടെ അക്കൌണ്ടിലും, 25,000/-രൂപ മനീഷ എം.ജെ വ്യക്തിയുടെ അക്കൌണ്ടിലും ആണ് ക്രെഡിറ്റ് ആയിരിക്കുന്നത്. മനീഷ എം.ജെ എന്ന വ്യക്തി പ്രോജക്ട് നം.25/22 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതിയിലെ ഗുണഭോക്താവാണ്. അക്കൌണ്ട് മാറി തുക നല്കിയതിന് വിശദീകരണം, ആയത് തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ എന്നിവ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അക്കൗണ്ട് മാറി നൽകിയ തുകയായ 25,000/-രൂപ അടിയന്തിരമായി തിരിച്ചടയ്ക്കുന്നതിന് ടിയാൾക്ക് കത്ത് നൽകിയിട്ടുള്ളതായി എസ്.സി.ഡി.ഒ. മറുപടി നൽകി. കത്തിന്റെ പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ തുക തിരികെ ഒടുക്കിയിട്ടില്ലാത്തതിനാൽ നിർവ്വഹണോദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിക്കുന്നു. തുക തിരികെ ഒടുക്കു വരുത്തി രേഖകൾ ഹാജരാക്കേണ്ടതും അക്കൗണ്ട് മാറി നൽകിയ തുക അർഹതപ്പെട്ട ഗുണഭോക്താവിന് നൽകേണ്ടതുമാണ്. ടി വിഷയത്തിൽ വകുപ്പുതല നടപടിക്ക് ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് എൻക്വയറി നം: 11/9.3.23

നിരാകരണം – 25,000/- രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 08.03.22, 09.03.22 | കെ.എസ്.എ.കെ.എൽ.എം.പി7/526/23 തീയതി 11.04.2023 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രോജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | PMAY (എസ്.സി – ആവാസ് പ്ലസ്) | 9,80,000/- | 9,80,000/- | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | PMAY (ജനറൽ - ആവാസ് പ്ലസ്) | 11,76,000/- | 11,76,000/- | 0 |
| നെടുമ്പന ഗ്രാമപഞ്ചായത്ത് | 2021-22 | PMAY (എസ്.സി) | 4,000/- | 4,000/- | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം/തിയതി | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| ഭൂജല വകുപ്പ് | പ്രോജക്റ്റ് നം. 88 നെടുമ്പന CHC-യിലെ കിണറുകളുടെ പുനരുദ്ധാരണവും കുടിവെള്ള സൌകര്യം മെച്ചപ്പെടുത്തലും | 238/7.2.22 | 6,00,000/- | 5,92,816/- | 7,184/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | 3(23) | 2001-02 | 1-12 | കൊയ്ത്ത് മെതിയന്ത്രം വാങ്ങിയത് പാഴ്ച്ചെലവ് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| - | - | 2014-15 (വിഷയാധിഷ്ഠിത അവലോകന റിപ്പോർട്ട്) | 4.1.13 | 4,00,000/-രൂപ ചെലവിൽ വാങ്ങിയ 3 നടീൽ യന്ത്രങ്ങൾ ആർക്കാണ് കൈമാറിയത് എന്നുള്ള വിവരം ലഭ്യമല്ല. | |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 5,916/- | ശ്രീമതി. അന്ന ആർ ബാബു, ക്ഷീരവികസന ഓഫീസർ |
| 3-2 | | 25,000/- | ശ്രീ. സച്ചിൻദാസ്, എസ്.സി.ഡി.ഒ |
| ആകെ | | 30,916/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 11,05,915/- | ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി |
| 1-15 | 1,51,104/- | ശ്രീമതി .ലളിതാംബിക.റ്റി, ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ |
| 1-17 | 25,250/- | ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി |
| 1-20 | 7,184/- | ശ്രീമതി ബ്ലസി മേരി.ബി, അസി.എഞ്ചിനിയർ |
| 1-22 | 39,797/- | ഡോ.സലില ദേവി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മയ്യനാട് |
| 1-23 | 9,63,200/- | ഡോ നെബു ജോൺ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നെടുമ്പന |
| 1-24(1) | 71,639/- | ഡോ. സലില ദേവി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മയ്യനാട് |
| 1-24(2) | 5,35,429/- | ഡോ നെബു ജോൺ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നെടുമ്പന |
| 1-25 | 2,36,417/- | ഡോ നെബു ജോൺ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നെടുമ്പന |
| ആകെ | 31,35,935/- | |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 7,200/- | | ശ്രീ. ജോർജ് അലോഷ്യസ്, സെക്രട്ടറി |

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ശ്രീ.ജോർജ് അലോഷ്യസ്, സെക്രട്ടറി | സെക്രട്ടറി, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | ഷീല ഭവനം, മങ്ങാട്. പി.ഒ, കൊല്ലം. |
| ശ്രീമതി. അന്ന ആർ ബാബു, ക്ഷീരവികസന ഓഫീസർ | ക്ഷീരവികസന ഓഫീസർ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | ഹൗസ് നമ്പർ-75, മംഗളം നഗർ, മങ്ങാട് പി.ഒ. |
| ശ്രീമതി നൗഫിയ,ഡയറി ഫാം ഇൻസ്ട്രക്ടർ,തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത്, | ഡയറി ഫാം ഇൻസ്ട്രക്ടർ, തൃക്കോവിൽവട്ടം ഗ്രാമ പഞ്ചായത്ത് | പ്ലാവിളവീട്, ചെന്താപ്പൂർ, ഡീസന്റ് ജംഗ്ഷൻ |
| ശ്രീമതി ലളിതാംബിക.റ്റി, ചൈൽഡ് ഡവലപ്മെന്റ് പ്രോഗ്രാം ഓഫീസർ | ചൈൽഡ് ഡവലപ്മെന്റ് പ്രോഗ്രാം ഓഫീസർ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | പ്രണവം, ഓലയിൽ, തേവള്ളി. പി.ഒ, കൊല്ലം |
| ശ്രീമതി ബ്ലസി മേരി.ബി, അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് | നോയൽ ഡെയിൽ, നവജ്യോതി നഗർ, ടൌൺ ലിമിറ്റ്, കടപ്പാക്കട, കൊല്ലം |
| ഡോ നെബു ജോൺ, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നെടുമ്പന | സസ്പെൻഷൻ പിരീഡ് | ബെതേനിയ, ശങ്കരൻ നായർ റോഡ്, പേരുകാവ് പി.ഒ, തിരുവനന്തപുരം |
| ഡോ.സലില ദേവി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മയ്യനാട് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മയ്യനാട് | കാർത്തിക, നല്ലില പി.ഒ, കൊല്ലം |
| ശ്രീ.സച്ചിൻദാസ്,എസ്.സി.ഡി.ഒ | എസ്.സി.ഡി.ഒ മുഖത്തലബ്ലോക്ക് പഞ്ചായത്ത് | കരിക്കത്തിൽവീട് ഇളംപഴന്നൂർ പി.ഒ, കോട്ടപ്പുറം, കടയ്ക്കൽ, കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1999-2000 | കെ.എസ്.എ,കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2000-01 | കെ.എസ്.എ,കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2001-02 | കെ.എസ്.എ,കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 2 |
| 2004-05 | കെ.എസ്.എ,കെ.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2005-06 | കെ.എസ്.എ,കെ,.എൽ.എം.പി6/176/18 തീയതി 07.02.2018 | 1 |
| 2006-07 | എൽ.എഫ്.ക്യു.ഡി.ബി 1376(1)/2014 തീയതി 23.06.14 | 7 |
| 2007-08 | എൽ.എഫ്.ക്യു.ഡി.ബി 1376(3)/2014 തീയതി 23.06.14 | 3 |
| 2008-09 | എൽ.എഫ്.ക്യു.ഡി.ബി 1376(1)/2014 തീയതി 23.06.14 | 12 |
| 2009-10 | എൽ.എഫ്.ക്യു.ഡി.ബി 1376(2)/2014 തീയതി 23.06.14 | 5 |

| | | |
|---|---|---|
| 2010-11 | എൽ.എഫ്.ക്യു.ഡി.ബി 1550(1)/2014 തീയതി 30.06.14 | 8 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത്/2011-12 /1616/22 തീയതി 29.8.22 | 10 |
| 2012-13 & 2013-14 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത് /2012-13&2013-14 തീയതി 29.8.22 | 14 |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത്/2014-15 തീയതി 29.8.22 | 8 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി7/അദാലത്ത്/2015-16 തീയതി 29.8.22 | 12 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി7/1490/20 തീയതി 18.1.21 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി7/148/22 തീയതി 20.3.22 | 13 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി7/1185/20 തീയതി 10.8.22 | 12 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി7/417/22 തീയതി 21.06.22 | 24 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി7/418/22 തീയതി 05.07.22 | 21 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം